# 2025 - പൂന്തുറ ഇടവക വിദ്യാഭ്യാസ സമിതിയുടെ വാർഷിക പരിപാടികൾ

| | |
|---|---|
| 1 | Remedial Teaching |
| 2 | “How to Face Examination” |
| 3 | ഇടവക തിരുന്നാൾ |
| 4 | കനവ് - 2025 |
| 5 | പഠന കിറ്റ് വിതരണം |
| 6 | മികവ് |
| 7 | അഭയം |
| 8 | കരുതൽ |
| 9 | അക്ഷരശ്രീ |
| 10 | One Teacher One child |

| | |
|---|---|
| 11 | Awarness class |
| 12 | SANTHOM SCHOLARSHIP |
| 13 | സ്കൂൾ ബാന്റ് |
| 14 | AI യുഗവും യുവതലമുറയും |
| 15 | കൈത്താങ്ങ് |
| 16 | കൗമാര വിദ്യാഭ്യാസം |
| 17 | ആഘോഷങ്ങളും, മീഡിയ പബ്ലിസിറ്റിയും |

# വിദ്യാഭ്യാസ ശുശ്രൂഷാ സമിതി
# 2025 വാർഷിക പ്രവർത്തന റിപ്പോർട്ട് - പൂന്തുറ ഇടവക

## 1. <u>Remedial Teaching</u>

ജനുവരി മാസത്തിൽ പ്രധാനമായും ഇടവക വിദ്യാഭ്യാസ സമിതി ശ്രദ്ധ നൽകിയത് ഇടവക സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിലെ sslc,+2 ക്ലാസുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായിരുന്നു. ഇടവക കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടെ Remedial Teaching എന്ന പേരിൽ ഒന്നര മാസം നീണ്ടു നിന്ന ഈവെനിംഗ് സ്റ്റഡി ക്രമീകരിക്കാൻ  സാധിച്ചു.

പിന്നോക്കം നിൽക്കുന്ന കുട്ടികളെ വാർഡ്, യൂണിറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിച്ചു കൊണ്ട് വിദ്യാഭ്യാസ സമിതിയിലെ അംഗങ്ങൾ നേരിട്ട് കുട്ടികളുടെ ഭവനങ്ങളിൽ പോകുകയും മാതാപിതാക്കളുടെ പിന്തുണ നേടിയെടുക്കുകയും ചെയ്തു. അതിന്റെ ഫലമായി നടത്തിയ മീറ്റിംഗിൽ മാതാപിതാക്കളുടെ മികച്ച സാന്നിധ്യം ഉറപ്പ് വരുത്താനും കഴിഞ്ഞു.

ഒന്നര മാസത്തോളം വൈകുന്നേരം 5:00 മണി മുതൽ 6:30 വരെയുള്ള ഈവെനിംഗ് സ്റ്റഡിയിൽ വിദ്യാഭ്യാസ സമിതിയിലെ അംഗങ്ങളുടെ മേൽനോട്ടം എടുത്ത് പറയേണ്ടതാണ്. ഒപ്പം സ്കൂൾ സമയം കഴിഞ്ഞും നമ്മുടെ കുട്ടികൾക്ക് വേണ്ടി അധ്യാപകർ നിന്നതും സ്റ്റഡിയുടെ നിലവാരം കൂട്ടി.



## 2. <u>Motivation Class</u>

Remedial Teaching- ൽ ഉൾപ്പെട്ട SSLC, +2 കുട്ടികൾക്കായി വിദ്യാഭ്യാസ സമിതിയിലെ എക്സിക്യൂട്ടീവ് മെമ്പറും, മോട്ടിവേറ്ററുമായ Praveen sir ന്റെ നേതൃത്വത്തിൽ "How to Face Examination" എന്ന ക്ലാസ്സ് രണ്ട് ദിവസങ്ങളിലായി നടത്താൻ സമിതിക്ക് കഴിഞ്ഞു.





## 3. <u>ഇടവക തിരുന്നാൾ</u>

ഇടവക മധ്യസ്ഥൻ വിശുദ്ധ തോമാശ്ലീഹയുടെ തിരുന്നാളിനോട്ന്ബന്ധിച്ച് തിരുന്നാൾ വാരത്തിലെ വ്യാഴം രാവിലത്തെ കുർബാനക്ക് ഇടവകയിലെ അധ്യാപകരെയും, യൂണിറ്റ് എക്സികൃൂട്ടീവ് അംഗങ്ങളെ ഉൾപ്പെടുത്തി വിദ്യാഭ്യാസ സമിതി നേതൃത്വം നൽകി.

## 4. <u>കനവ് - 2025</u>

തിരുവനന്തപുരം അതിരൂപത വിദ്യാഭ്യാസ സമിതിയുടെ നിർദ്ദേശാനുസരണം കുട്ടികളെ മത്സര പരീക്ഷയിൽ പ്രാപ്തരാകുവാൻ  വേണ്ടി ഇടവകതലത്തിൽ GK ക്വിസ്സ് എഴുത്ത് പരീക്ഷ സംഘടിപ്പിച്ചു. 3 ഗ്രൂപ്പായി നടന്ന എഴുത്തു പരീക്ഷയിൽ എഴുപത്തി രണ്ടോളം കുട്ടികൾ പങ്കെടുക്കുകയും 6 കുട്ടികൾ ഫെറോന മത്സരത്തിലേക്ക് തിരഞ്ഞെടുക്കപെടുകയും ചെയ്തു. വിദ്യാഭ്യാസ സമിതിയിലെ അംഗങ്ങളുടെയും അധ്യാപകരുടെയും പൂർണ പിന്തുണ GK ക്വിസ് മത്സരം മികച്ച രീതിയിൽ  നടത്തുന്നതിലേക്കായി കഴിഞ്ഞു.





## 5. <u>പഠന കിറ്റ് വിതരണം</u>

നിർദ്ധനാരയ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ "വിദ്യാഭ്യാസത്തിന് ഒരു കൈത്താങ്" എന്ന പ്രവർത്തനം സംഘടിപ്പിക്കുകയുണ്ടായി. ഇടവകയിലെ വിദ്യാഭ്യാസ സമിതിയിലെ യൂണിറ്റ് തല എക്സിക്യൂട്ടീവ് മെമ്പർമാർ യൂണിറ്റ് തലത്തിൽ ഓരോ കുടുംബങ്ങളിൽ നിന്ന് പഠനോപകരണങ്ങൾ ശേഖരിക്കുകയും സ്കൂൾ തലത്തിൽ വിതരണം ചെയ്യുകയും ചെയ്തു. മൂന്ന് ദിവസം നീണ്ടു നിന്ന പഠനോപകരണ ശേഖരണത്തിൽ ഇടവകയുടെ മികച്ച സഹകരണമാണ് ലഭ്യമായത്. Bag, കുട, instrument box, pencil, pen, water bottle, eraser, food box തുടങ്ങിയ 1.25 ലക്ഷം മൂല്യം വരുന്ന സാധനങ്ങളാണ്

ലഭ്യമായത്. പത്ത് ബുക്ക് അടങ്ങിയ 90 കിറ്റുക്കളാണ് നമ്മുടെ സ്കൂളിലെ നിർദ്ദനരായ കുട്ടികൾക്കു നൽകാനായത്. ഒപ്പം ഇടയാർ ഇടവകയിലെ 10 നിർധനരായ കുട്ടികളെയും ചേർത്ത് നിർത്താൻ കഴിഞ്ഞു. ഇടവക ചാരിറ്റി ഫണ്ടിൽ നിന്ന് ഒന്നാം ക്ലാസ്സിൽ പുതിയതായി പ്രവേശനം നേടിയ കുട്ടികൾക്ക് 65 ബാഗ് നൽകുകയും ചെയ്തു.

പഠനോപകരണങ്ങളുടെ ശേഖരണത്തോടൊപ്പം തന്നെ യൂണിറ്റ് തല വിദ്യാഭ്യാസ എക്സിക്യൂട്ടീവ് അംഗങ്ങളെ തങ്ങളുടെ യൂണിറ്റിലെ ഓരോ കുടുംബങ്ങളിലും പരിചയപെടുത്തുന്ന മറ്റൊരു പ്രവർത്തനം കൂടി നടക്കുകയുണ്ടായി.




വിദ്യാഭ്യാസത്തിനായി
ഒരു കൈത്താങ്
പ്രിയമുള്ളവരെ....
സ്കൂൾ ഷോപ്പിങ് സമയമാണല്ലോ നമുക്ക് മുന്നിലുള്ളത്
നമ്മുടെ മക്കൾക്കായി നമ്മൾ സാധനങ്ങൾ വാങ്ങുമ്പോൾ
ഒരു പാവപ്പെട്ട കുട്ടിയെ നമുക്ക് മനസ്സിൽ കാണാം
അവരെ ചേർത്ത് പിടിക്കാം.....
നേതൃത്വം : ഇടവക വിദ്യാഭ്യാസ സമിതി
സാധനങ്ങൾ
BAG
BOOKS
PEN
PENCIL
WATER BOTTLE
UMBRELLA
ROLL PAPER
GEOMETRIC BOX
31/05/2025 ശനിയാഴ്ച രാവിലെ മുതൽ
യുണിറ്റ് തലത്തിൽ വിദ്യാഭ്യാസ സമിതിയിലെ
അംഗങ്ങൾ സാധനങ്ങൾ ശേഖരിക്കാൻ എത്തും
കരുതാം, ചേർത്ത് നിർത്താം നമ്മുടെ മക്കളെ







## 6. മികവ്

മികവ് എന്ന പ്രോഗ്രാമിലൂടെ നമ്മുടെ സ്കൂളിൽ നിന്ന് SSLC ക്ക് A+ ലഭിച്ച കുട്ടികളെ plus one പ്രവേശനഘട്ടത്തിൽ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ഒഴിവാക്കി പ്രവേശനം നൽകാൻ കഴിഞ്ഞു.

## 7. അഭയം

അഭയം എന്ന പ്രോഗ്രാമിലൂടെ 2025-26 വർഷത്തെ +1 പ്രവേശന ഘട്ടത്തിൽ മാതാപിതാക്കൾ വേർപെട്ട കുട്ടികൾക്ക് മാനേജ്മെന്റ് ഫണ്ട് ഒഴിവാക്കി പ്രവേശനം നൽകാൻ കഴിഞ്ഞു.

## 8. കരുതൽ

കരുതൽ എന്ന പ്രോഗ്രാമിലൂടെ endowment fund ഉപയോഗിച്ച് ഈ വർഷം നമ്മുടെ സ്കൂളിൽ നിന്ന് sslc പരീക്ഷയിൽ മുഴുവൻ A+ ലഭിച്ച കുട്ടികൾക്കും +2 പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്കും ക്യാഷ് അവാർഡ് നൽകി. ജൂലൈ 3 തീയതി ഇടവക മധ്യസ്ഥൻ വി. തോമശ്ലീഹായുടെ തിരുന്നാൾ ദിനത്തിൽ ഇടവക വികാരിയാണ് ക്യാഷ് അവാർഡ് നൽകിയത്.

## 9. അക്ഷരശ്രീ

നമ്മുടെ സ്കൂളിൽ LP, UP ക്ലാസ്സുകളിൽ എഴുത്തും, വായനയും അറിയാത്ത കുട്ടികൾക്ക് അക്ഷര ശ്രീ പ്രോഗ്രാമിലൂടെ പ്രത്യേക പരിശീലനം നടന്നു വരുന്നു.







## 10. <u>One Teacher One child</u>

തങ്ങളുടെ ക്ലാസിലെ നിർധനരായ ഒരു കുട്ടിയെ അധ്യാപകർ സഹായിക്കുക എന്ന പ്രവർത്തനമാണ് one teacher one child നമ്മുടെ സ്കൂളിലെ സാധ്യമായ മുഴുവൻ അധ്യാപകരും സന്നദ്ധത പ്രകടിപ്പിക്കുകയും, പ്രാവർത്തികമാക്കുകയും ചെയ്തു. സഹകരിച്ച എല്ലാ അധ്യാപകർക്കും അഭിനന്ദങ്ങൾ.

## 11. <u>Awarness class</u>

വിദേശത്തേക്ക് കുത്തൊഴുക്ക് കൂടുന്ന ഈ സാഹചര്യത്തിൽ കുറഞ്ഞ ചിലവിൽ വിദേശ പഠനം എന്ന വിഷയവുമായി ബന്ധപ്പെട്ട് ഇടവകയിലെ യുവതി-യുവാക്കൾക്കായി ഒരു ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കാനായി. അറുപതോളം കുട്ടികളെ ഇതിൽ പങ്കെടുപ്പിക്കാനായി സാധിച്ചു.







## 12. SANTHOM SCHOLARSHIP

2025-26 അധ്യായന വർഷത്തിൽ lp, up, hs എന്നീ ക്ലാസ്സുകളിൽ ഒരു ക്ലാസ്സിൽ നിന്ന് വാർഷിക പരീക്ഷയിൽ ഉന്നത മാർക്ക് ലഭിക്കുന്ന ഒരു കുട്ടിക്ക് സ്കോളർഷിപ്പ് നൽകുന്ന പ്രവർത്തനമാണ് SANTHOM SCHOLARSHIP എന്നത്. 2025 ജൂലൈ മൂന്നാം തീയതി ദിവ്യബലി മദ്ധ്യേ ഇടവക വികാരി റവ. ഫാ. ഡാർവിൻ പീറ്റർ ഉദ്ഘാടനം നിർവഹിച്ച ഈ പരിപാടിയിൽ വിദ്യാഭ്യാസ കൺവീനർ ആദ്യ സംഭാവന നൽകി.



ST. THOMAS CHURCH POONTHURA
SANTHOM SCHOLORSHIP
സെന്റ്. തോമസ് ഹയർ സെക്കന്ററി സ്കൂളിൽ
LP മുതൽ HS വരെയുള്ള ക്ലാസ്സുകളിൽ
പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാകുന്ന
കുട്ടികൾക്ക് സ്കോളർഷിപ്
ഉദ്ഘാടനം
റവ. ഫാ. ഡോ. ഡാർവിൻ പീറ്റർ
JULY - 03 - 2025
നേതൃത്വം :
പൂന്തുറ ഇടവക വിദ്യാഭ്യാസ സമിതി



# SANTHOM SCHOLORSHIP

## 13. സ്കൂൾ ബാന്റ്

നിശ്ചലമായി കിടന്ന ഇടവക സ്കൂൾ ബാന്റ് ഊർജസ്വലതയോടെ പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞു. 37 പുതിയ കുട്ടികളെ കണ്ടെത്തി പരിശീലനം തുടങ്ങാനും അടിസ്ഥാന ആവശ്യങ്ങൾക്കായി ഇടവക സാമ്പത്തിക സഹായം ഉറപ്പ് വരുത്തുകയും ചെയ്തു.





## 14. AI യുഗവും യുവതലമുറയും

AI സാങ്കേതിക വിദ്യയുടെ സാധ്യകളെയും, തൊഴിൽ മേഖലകളെയും കുറിച്ച യുവാക്കൾക്കിടയിൽ അവബോധം നൽകാൻ Talrop ന്റെ സഹായത്തോടെ AI career guidance ക്ലാസ്സ് സംഘടിപ്പിച്ചു. 40 ലധികം കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്താൻ സാധിച്ചു.





## 15. കൈത്താങ്

കൈത്താങ് എന്ന പ്രോഗ്രാമിലൂടെ പഠനം പകുതി വഴിക്ക് ഉപേക്ഷിക്കപ്പെട്ട കുട്ടികളെ തൊഴിലധിഷ്ഠിത പഠന മേഖലയിലേക്ക് എത്തിക്കുവാൻ സാധിച്ചു. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ TSSS ന്റെ കീഴിലുള്ള St xavier കോളേജ്മായി ചേർന്ന് കൊണ്ടാണ് ഈ പ്രോഗ്രാം സംഘടിപ്പിച്ചത്.





## 16. കൗമാര വിദ്യാഭ്യാസം

കൗമാരക്കാരായ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങളെകുറിച്ചുള്ള സെമിനാർ Talrop ന്റെ നേതൃത്വത്തിൽ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിലെ, 8,9 ക്ലാസിലെ കുട്ടികൾക്കായി സംഘടിപിച്ചു.





## 17. ആഘോഷങ്ങളും, മീഡിയ പബ്ലിസിറ്റിയും

സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ 2025-26 അധ്യായന വർഷത്തെ സ്കൂളിന്റെ പ്രവർത്തനങ്ങൾ, നേട്ടങ്ങൾ വളരെ കാര്യക്ഷമമായി ദൃശ്യമാധ്യമങ്ങളിലൂടെ പബ്ലിസിറ്റി നടത്തുക എന്ന വിദ്യാഭ്യാസ സമിതിയുടെ ലക്ഷ്യം പൂർത്തിയാക്കുവാൻ സാധിച്ചു. പ്രവേശന ദിനം, കായികോത്സവം,യുവജനോത്സവം, ഓണഘോഷം, സംസ്ഥാന കലോത്സവം, കായികകോത്സവ നേട്ടങ്ങൾ എന്നിവ ലോകത്തെമ്പാടും എത്തിക്കുന്നതിൽ POONTHURA MEDIA യുടെ പങ്ക് വളരെ വിലപ്പെട്ടതാണ്. പ്രേത്യേകം നന്ദി അറിയിക്കുന്നു.






പ്രവേശനോത്സവം        കായികോത്സവം



യൂത്ത് ഫെസ്റ്റിവൽ




ഓണഘോഷം

# 18. സ്കൂളും അടിസ്ഥാന സൗകര്യ വികസനവും

## ക്യാമ്പസ് ക്ലീനിങ്



മെയ് മാസം രണ്ടാം വാരം സെന്റ് ഫിലോമിനസ് സ്കൂളിൽ വച്ച നടന്ന സ്കൂൾ അജണ്ട മാത്രമുള്ള 5 മണിക്കൂർ നീണ്ട കൗൺസിൽ യോഗത്തിൽ സ്കൂളിന്റെ നിലവിലെ പ്രവർത്തനങ്ങളും, ഭാവി പ്രവർത്തനങ്ങളുമടങ്ങിയ 12 പേജ് അടങ്ങിയ റിപ്പോർട്ട് വിദ്യാഭ്യാസ കൺവീനർ സമർപ്പിക്കുകയുണ്ടായി. നമ്മുടെ ഇടവകയിലെ തന്റെ രണ്ട്

വർഷത്തെ സേവന ഘട്ടത്തിൽ നമ്മുടെ സ്കൂളിനെ കുറിച്ചുള്ള ഇത്രയും സമഗ്രമായ റിപ്പോർട്ട് കേൾക്കാൻ കഴിഞ്ഞതിൽ ആത്മാർത്ഥമായ സന്തോഷവും അഭിനന്ദനവും ഇടവക വികാരി രേഖപെടുത്തിയതോടൊപ്പം ഇടവക കൗൺസിൽ റിപ്പോർട്ടിൻമേൽ പൂർണ പിന്തുണയും നൽകുകയുണ്ടായി.

റിപ്പോർട്ടിന്റെ പശ്ചാതലത്തിൽ പ്രവേശനോത്സവത്തോടനുബന്ധിച്ച് മെയ് മാസം സ്കൂളിലെ സുരക്ഷക്ക് പ്രാധാന്യം നൽകികൊണ്ട് മരച്ചില്ലകൾ മുറിച്ചു മാറ്റുന്നതോടൊപ്പം, കൗൺസിൽ അംഗങ്ങൾ, വൈദ്ധീകർ, വിദ്യാഭ്യാസ സമിതി അംഗങ്ങൾ, അധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ ക്ലീനിങ് നടക്കുകയും തുടർന്ന് പ്രവേശനോത്സവ തയ്യാറെടുപ്പുകൾ നടത്താനും സാധിച്ചു.

**<u>LP-UP കെട്ടിടത്തിലെ സൈഡ് വാൾ നിർമാണം</u>**





LP, UP അധ്യാപകരുടെ ദീർഘ നാളത്തെ ആവശ്യമായിരുന്ന മഴ സമയം ക്ലാസ്സിൽ വെള്ളം കയറുന്നത് തടയാനുള്ള side wall നിർമാണം. വളരെ അഭിനന്ദനാർഹമായ രീതിയിൽ സ്കൂൾ തുറക്കുന്നതിന് മുന്നേ പൂർത്തിയാക്കാൻ സാധിച്ചു.

<u>വെൽഡിങ് വർക്കുകൾ</u>

LP സെക്ഷൻ ടോയ്ലറ്റ് ഗേറ്റ്, ഗ്രൗണ്ട് പ്രവേശന ഗേറ്റ് എന്നിവയുടെ വെൽഡിങ് വർക്കുകൾ ചെയ്തു.

<u>ഹയർ സെക്കണ്ടറി ബോയ്സ് ടോയ്ലറ്റ് പൊളിച്ചു മാറ്റൽ</u>







സുരക്ഷയെ മുൻനിർത്തി അധ്യാപകരുടെ ആവശ്യം മുൻ നിർത്തി ഹയർ സെക്കണ്ടറി ബോയ്സ് ടോയ്ലറ്റ് പൊളിച്ചു മാറ്റുകയും, തൽസ്ഥാനം ഫണ്ടിൽ നിന്ന് അനുവദിച്ച പുതിയ ടോയ്ലറ്റിനുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

<u>സോളാർ പാനൽ സ്ഥാപനം</u>

വർധിച്ചു വരുന്ന വൈദ്യുതി നിരക്ക് സ്കൂളിനെ സംബന്ധിച്ച് താങ്ങാവുന്നതിലുമപ്പുറമാണ് അല്പം ആശ്വാസമെന്നോണം ESAF ബാങ്കിന്റെ സഹായത്തോടെ ഹൈ സ്കൂൾ സെക്ഷനിൽ ഒരു സോളാർ പാനൽ സ്ഥാപിക്കുകയും, പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ഇതിന് വേണ്ടി ഇടപെടൽ നടത്തിയ ഇടവക വികാരിക്ക് ആത്മാർത്ഥമായ നന്ദി.








5KW SOLAR PANEL

## ഹൈസ്കൂൾ ഗേൾസ് ടോയ്ലറ്റിന്റെ മെയ്ന്റനൻസ്





സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ ഹൈ സ്കൂൾ ബ്ലോക്കിലെ ഗേൾസ് ടോയ്ലറ്റ് മെയ്ന്റനൻസ് നടത്താനായി.

## കാർപെന്ററി വർക്ക്





LP, UP, HS സെക്ഷനുകളിൽ അത്യാവശ്യം വേണ്ടുന്ന കാർപെന്ററി വർക്കുകൾ ചെയ്യാനായി

## ഇലക്ട്രിക്കൽ ജോലി



LP, UP, HS, HSST സെക്ഷനുകളിലെ ക്ലാസ്സ് മുറികളിലെ തകർന്ന Switch Board കൾ മാറ്റിസ്ഥാപിക്കാനും, സ്കൂൾ പരിസരങ്ങളിൽ സുരക്ഷയെ ബാധിക്കുന്ന electric വയറുകൾ മാറ്റിസ്ഥാപിക്കൽ എന്നി പ്രവർത്തനങ്ങൾ നടന്നു.

## തുറന്ന ജനാലകളിലെ കമ്പിയിടൽ



LP, UP ക്ലാസ്സുകളിലെ 39 തുറന്ന് കിടന്ന ജനാലകളിൽ കമ്പിയട്ടുകൊണ്ട് കൂടുതൽ സുരക്ഷിതത്വമുള്ള ക്ലാസ്സ് റൂം സൗകര്യം ഒരുക്കി നൽകാൻ സാധിച്ചു.

## ഹൈസ്കൂൾ കെട്ടിടത്തിന്റെ പാരപ്പറ്റ് ഉയർത്തൽ







കുട്ടികളുടെ സുരക്ഷയെ മുൻ നിർത്തി ഹൈ സ്കൂൾ സെക്ഷൻ മൂന്നാം നിലയിൽ പാരപറ്റ് ഉയരം കൂട്ടാനുള്ള നിർമാണ പ്രവർത്തനം നടത്താൻ കഴിഞ്ഞു ഇതിന് സാമ്പത്തികമായി സംഭാവന നൽകിയ വില്ല്യം സാറിന് ആത്മാർത്ഥമായ നന്ദി.

## ഹയർ സെക്കണ്ടറി കമ്പ്യൂട്ടർ ലാബിന്റെ സീലിങ് നവീകരണം







ഹയർ സെക്കണ്ടറി കമ്പ്യൂട്ടർ ലാബിലെ പ്ലാസ്റ്റർ പാരിസ് കൊണ്ടുള്ള സീലിംഗ് ഭാഗം കാലപ്പഴക്കം കാരണം സുരക്ഷാ ഭീഷണി നേരിടുന്ന പശ്ചാതലത്തിൽ സീലിങ് പൊളിച്ചു മാറ്റി, ഇലക്ട്രിക്കൽ വർക്ക് ഉൾപ്പടെ  അനുബന്ധ പ്രവർത്തനങ്ങൾ ചെയ്യാൻ സാധിച്ചു.

## സ്കൂൾ ബസ് ഷെഡ് നിർമാണവും ആശീർവാദവും




M.L.A ഫണ്ടിൽ നിന്ന് അനുവദിച്ച സ്കൂൾ ബസ് സുരക്ഷിതമാക്കാൻ സ്കൂൾ ക്യാമ്പസ്സിനുള്ളിൽ ബസ് ഷെഡ് നിർമ്മിക്കുകയും. ബഹുമാനപെട്ട ഇടവക വികാരി ആശിർവദിക്കുകയും ചെയ്തു

## <u>ഹൈസ്കൂൾ സെക്ഷൻ ബോയ്സ് ടോയ്‌ലറ്റ്, LP സെക്ഷൻ ടോയ്‌ലറ്റ് എന്നിവയുടെ നവീകരണം</u>



**LP, UP, HS, HSST സെക്ഷനുകളിലെ ഇടവഴികൾ വൃത്തിയാക്കൽ**



**ഹയർ സെക്കണ്ടറി സെക്ഷൻ ഡ്രൈനേജ് ഉറ താഴ്ത്തൽ**








ഹയർ സെക്കണ്ടറി സെക്ഷൻ ഡ്രൈനേജ് ഉറ താഴ്ത്തൽ ഈ പ്രവർത്തനത്തിന്റെ പൂർണ ചിലവും ഹയർ സെക്കണ്ടറി അധ്യാപകരാണ് വഹിച്ചത് ആത്മാർത്ഥമായ നന്ദി രേഖപെടുത്തുന്നു

## <u>UP, HS ക്ലാസ്സുകളിൽ ലോക്ക് സൗകര്യം ഏർപ്പെടുത്തിയത്</u>



കായികമേള താമസ സൗകര്യത്തിനായി നമ്മുടെ സ്കൂൾ തിരഞ്ഞെടുക്കപ്പെട്ടതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ പശ്ചാതലത്തിൽ HS, UP എന്നീ സെക്ഷനുകളിലെ 18 ക്ലാസ്സ് മുറികളിൽ ഉൾവശം ലോക്കിങ് സൗകര്യം ഏർപ്പെടുത്തി നൽകി

<u>ക്ലാസ് മുറികളിലെ വെട്ടവും വെളിച്ചവും</u>

ക്ലാസ്സ് മുറികളിലെ വെട്ടവും, വെളിച്ചവും കാര്യക്ഷമമാക്കാനായി 171 ട്യൂബ് ലൈറ്റുകളുടെ കുറവ് കണ്ടെത്തുകയും സ്പോൺസർഷിപ്പിലൂടെ ഇതിന് പരിഹാരം കണ്ടെത്താനും സാധിച്ചു. സ്പോൺസർ കണ്ടെത്തിയ ഇടവക സെക്രട്ടറി ബഹു.ശ്രീ. ബെയ്സിൽ അവർകൾക്ക് പ്രത്യേകം നന്ദി അർപ്പിക്കുന്നതോടൊപ്പം അതിന്റെ പ്രവർത്തനം പൂർത്തിയാകാനും സാധിച്ചു.